നം. സി.ഇ.ഇ/2424/2009/സി.എ.പി.-2010/റ്റി.എ.1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## വിജ്ഞാപനം

# കെഎംസിറ്റി ആയുർവ്വേദ കോളേജിലേയ്ക്കും വിഷ്ണു ആയുർവ്വേദ കോളേജിലേയ്ക്കും ബി.എ.എം.എസ് കോഴ്സുകളിലേയ്ക്കുള്ള അലോട്ടുമെന്റ്

**(W.P.(C)No. 31890/2010 (I) dated 20.10.2010 & 31861/2010 (G) dated 26.10.2010)**

കോഴിക്കോട് കെ.എം.സി.റ്റി. ആയുർവ്വേദ കോളേജിലേയ്ക്കും, പാലക്കാട് വിഷ്ണു ആയുർവ്വേദ കോളേജിലേയ്ക്കും ബി.എ.എം.എസ്. കോഴ്സിന് അഞ്ചാം ഘട്ട അലോട്ടുമെന്റിൽ ഓപ്ഷൻ സ്വീകരിച്ചിരുന്നുവെങ്കിലും കേന്ദ്രസർക്കാർ, ഡിപ്പാർട്ട്മെന്റ് ഓഫ് ആയുഷിന്റെ അനുവാദം ലഭ്യമല്ലാതിരുന്നതിനാൽ ഈ രണ്ട് കോളേജുകളിലേയ്ക്കും അലോട്ടുമെന്റ് നടത്തിയിരുന്നില്ല. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് അനുസരിച്ച് മേൽപ്പറഞ്ഞ കോളേജുകളിലേയ്ക്ക് **28.10.2010**ന് നിലവിലുള്ള ഓപ്ഷൻ പ്രകാരം അലോട്ടുമെന്റ് നടത്തുന്നതാണ്. അലോട്ടുമെന്റിന്റെ വിശദാംശങ്ങൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ **ഒക്ടോബർ 29, 30, 31 തീയതികളിൽ** അതാതു കോളേജുകളിൽ ഹാജരായി നിർദ്ദിഷ്ട ഫീസൊടുക്കി പ്രവേശനം നേടേണ്ടതാണ്.

ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിൻ പ്രകാരം നടത്തുന്ന പ്രത്യേക അലോട്ടുമെന്റ് ആയതിനാൽ നിലവിൽ ബി.എ.എം.എസ് കോഴ്സുകളിൽ അലോട്ടുമെന്റ്/അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികളുടെ ഓപ്ഷനുകൾ പരിഗണിക്കുന്നതല്ല. പ്രസ്തുത അലോട്ടുമെന്റ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അന്തിമ ഉത്തരവിന് വിധേയമായിരിക്കും.

അലോട്ട്മെന്റ് നടപടികളെക്കുറിച്ചുള്ള സംശയനിവാരണത്തിനായി **0471-2115311, 2115312, 2115313, 2115314** എന്നീ ടെലഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം

27.10.2010

**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**